(ഡി) സർക്കാരിന് റിപ്പോർട്ട് കിട്ടിയിട്ടുണ്ടെങ്കിൽ അതിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

(ഇ) ചെറുകിട കർഷകർക്ക് എന്നത്തേയ്ക്ക് പെൻഷൻ നൽകാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാർഷികോല്പാദന കമ്മീഷണർ ചെയർമാനായി ഒരു സമിതിയെ നിയമിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) നിശ്ചയിച്ചിരുന്നു.

(ഡി) റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഇ) സമിതിയുടെ റിപ്പോർട്ട് ലഭിച്ചാലുടൻ ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുന്നതാണ്.

137 (1869) ഉദ്യോഗസ്ഥന്മാരുടെ നിസ്സഹകരണം

ശ്രീ. എൻ. കണ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തിന്റെ പ്രധാന ഉല്പാദന മേഖലയായ കൃഷിക്കു വേണ്ടി നീക്കി വയ്ക്കുന്ന പണം ചെലവഴിക്കുന്നതിന് ചില കൃഷി ഭവനുകളിലെ ഉദ്യോഗസ്ഥൻമാർ സഹകരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം ജില്ലയിലെ മമ്പാട് പഞ്ചായത്തിലെ ജനകീയാസൂത്രണ പദ്ധതിയിൽ കൃഷിഭവൻ ഉദ്യോഗസ്ഥൻമാർ സഹകരിക്കാത്തതുസംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ പരിപാടികളോട് സഹകരിക്കാതെ കൃത്യവിലോപം കാണിക്കുന്ന ഇത്തരം ഉദ്യോഗസ്ഥൻമാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ലഭിച്ചിട്ടില്ല.

(സി) കൃത്യവിലോപം കാണിക്കുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്.

138 (1870) കാർഷിക സർവ്വകലാശാല പ്രവേശനം

ശ്രീ. സി.കെ. നാണു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക സർവ്വകലാശാലയിലെ പ്രവേശനത്തിന് എൻട്രൻസ് ടെസ്റ്റിനു പുറമേ കൃഷിയോടുള്ള പ്രത്യേക താല്പര്യം കണക്കാക്കുന്നതിന് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് നടത്തണമെന്ന് നിർദ്ദേശമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സർവ്വകലാശാല അധികൃതരുടേയും കാർഷിക ശാസ്ത്രജ്ഞൻമാരുടേയും അഭിപ്രായം കൂടി അറിയുവാൻ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?;

ഉത്തരം

(എ)&(ബി) കാർഷിക സർവ്വകലാശാലയുടെ പ്രവേശനത്തിന് പ്രവേശനപരീക്ഷയ്ക്കുപുറമേ പ്രത്യേക അഭിരുചിപരീക്ഷ നടത്തണമെന്ന് നിർദ്ദേശമില്ല.

139 (1871) വെള്ളായണി കാർഷിക കോളേജിന്റെ ഭൂമി

ശ്രീ. ബി. വിജയകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ റിക്കാർഡു പ്രകാരം വെള്ളായണി കാർഷികകോളേജിന് കൈമാറികിട്ടിയ സർവ്വേ നമ്പർ 236/1-ൽപ്പെട്ട മുഴുവൻ ഭൂമിയും ഇപ്പോൾ കാർഷിക കോളേജിന്റെ കൈവശത്തിലും അനുഭവത്തിലുംതന്നെയാണോ ഉള്ളത്;

(ബി) എങ്കിൽ പ്രസ്തുത ഭൂമിയിൽ കുറവു വന്നിട്ടുണ്ടോ? കുറവു വന്നതു കൈമാറിയതിന് മുൻപാണോ, പിൻപാണോ;

(സി) വിസ്തീർണ്ണത്തിൽ കുറവുണ്ടാകാൻ കാരണമെന്ത്; കുറവു വന്ന ഭൂമി ഇപ്പോൾ ആരുടെയെല്ലാം കൈവശത്തിലും അനുഭവത്തിലുമാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഭൂമിയുടെ കൈവശക്കാർ കൈവശഭൂമിയ്ക്കു പട്ടയം ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച ഹർജിയിൻമേൽ റവന്യൂ അധികൃതർ കോളേജ് അധികൃതരുടെ അഭിപ്രായം ആരാഞ്ഞിരുന്നുവോ; എങ്കിൽ 1991-ൽ തിരുവന്തപുരം തഹസീൽദാരും 1998-ൽ ജില്ലാ കളക്ടറും നൽകിയ കത്തുകൾക്കു മറുപടി നൽകിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

140 (1872) ഹോസ്റ്റൽ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കാർഷിക സർവ്വകലാശാലയിലെ വിവിധ ഹോസ്റ്റലുകളിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്.;

(ബി) ഈ തൊഴിലാളികളുടെ നിലവിലുള്ള സേവന-വേതന വ്യവസ്ഥകൾ എന്തെക്കൊയാണ്;

(സി) ഹോസ്റ്റൽ തൊഴിലാളികളെ സർവ്വകലാശാലയിലെ സ്ഥിരം തൊഴിലാളികളായി അംഗീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly